ശ്രീ. പി. കെ. ശ്രീനിവാസൻ: പട്ടാഴികരിക്കം മരുത്മൂട് എന്നിവിടങ്ങളിൽ വെള്ളം കയറുമെന്നാണ് എൻജിനീയർമാർ പറയുന്നത്. ആ പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

Dr. A. Subba Rao: That was identified by the Revenue Department as well as the engineers concerned. The Hon'ble Member also might be aware of that.

IV. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശകസമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): കാര്യോപദേശകസമിതിയുടെ പതിനൊന്നാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) 1981-ലെ കേരള വസ്തു ആവശ്യപ്പെടലും വിലയ്ക്കെടുക്കലും സംബന്ധിച്ച ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, 1981-ലെ കേരളാ വസ്തു ആവശ്യപ്പെടലും വിലയ്ക്കെടുക്കലും സംബന്ധിച്ച ബില്ലിനെസംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(3) 1981-ലെ കേരള പൊതു വിൽപനനികുതി (ഭേദഗതി) ബില്ലിനെപ്പറ്റിയുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

Minister of Finance and Law (**Shri K. M. Mani**): Sir, I present the report of the subject committee on the Kerala General Sales Tax (Amendment) Bill, 1981.

IV (a). റിപ്പോർട്ട് പരിഗണന

കാര്യോപദേശകസമിതിയുടെ റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സർ, കാര്യോപദേശകസമിതിയുടെ പതിനൊന്നാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവുംവകുപ്പ് മന്ത്രി (ശ്രീ. കെ. എം. മാണി): ഞാൻ പിന്താങ്ങുന്നു.

(റിപ്പോർട്ട് സഭ അംഗീകരിച്ചു)

LIBRARY ARCHIVES Kerala Legislative Assembly